# 1

# വന്ദനം
# (ഫിലെമോൻ 1- 3)

പുരാതന ലേഖനങ്ങളിലും, ആധുനിക ഈ-മെയിലുകളിലും ഒരു സന്ദേശത്തിനു മുൻപ് വന്ദനം അറിയിക്കുന്നത് പതിവാണ്. പരിണതഫലമായി, ചിലപ്പോൾ വന്ദനം ഓടിച്ചു വായിക്കുകയോ, അല്ലെങ്കിൽ അത് വായിക്കാതെ തന്നെ സന്ദേശത്തിലെ സത്ത എന്തെന്നറിയുവാൻ ഉള്ള ആകാംക്ഷ നിമിത്തം അതിലേക്ക് കടക്കും. ഫിലെമോനുള്ള ലേഖനത്തിലെ ആദ്യ ഭാഗം വായിക്കാതിരിപ്പാൻ കഴിയുന്നതല്ല. തീർച്ചയായും സാമൂഹികമായ പ്രശ്നവും ലേഖനത്തിന്റെ വൈകാരിക തീവ്രതയും ആദ്യ വാക്യങ്ങളിൽ തന്നെ പ്രകടമായിരുന്നു.

1–3

**[1]ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലൊസും സഹോദരനായ തിമൊഥെയൊസും.**

**ഞങ്ങളുടെ പ്രിയനും കൂട്ടുവേലക്കാരനുമായ [2]ഫിലെമോൻ എന്ന നിനക്കും സഹോദരിയായ അപ്പിയെക്കും, ഞങ്ങളുടെ സഹഭടനായ അർക്കിപ്പൊസിനും നിന്റെ വീട്ടിലെ സഭെക്കും എഴുതുന്നത്: [3]നമ്മുടെ പിതാവായ ദൈവത്തിങ്കിൽനിന്നും കർത്താവായ യശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ.**

**വാക്യം 1.** ഗ്രീക്കിലും ഇംഗ്ലീഷിലും ഉള്ള വേദഭാഗത്തെ ആദ്യ വാക്ക് **പൗലൊസ്** എന്നാണ്. മുൻപ് അവനെ "തർസൊസുകാരനായ ശൗൽ" എന്നായിരുന്നു അറിയപ്പെട്ടിരുന്നത് (പ്രവൃ. 13:9; 21:39), ഈ "ജാതികളുടെ അപ്പൊസ്തലൻ" പുതിയ നിയമത്തിൽ ചുരുങ്ങിയത് പതിമൂന്നു ലേഖനങ്ങൾ എഴുതിയിരിക്കുന്നു. ചിലപ്പോൾ, അവൻ തന്റെ ലേഖനം പറഞ്ഞുകൊടുത്തു എഴുതിക്കുകയായിരുന്നു (റോമർ 16:22), മറ്റുള്ളവയിൽ അവൻ ലേഖനത്തിന്റെ ആധികാരികത ഉറപ്പു വരുത്തുകയും ചെയ്തിരുന്നു (കൊലൊ. 4:18; 2 തെസ്സ. 3:17). ഫിലെമോന് അവൻ മുഴുവൻ സ്വന്ത കൈകൊണ്ട് എഴുതുകയോ അല്ലെങ്കിൽ വാക്യം 19 പ്രോമിസറി നോട്ടായി എഴുതുകയോ ചെയ്തിരിക്കാം.

പൗലൊസ് തന്നെ **ഒരു ബദ്ധൻ** ആയിട്ടാണ് പരിചയപ്പെടുത്തുന്നത്, വാക്യം 9-ൽ ആ വാക്ക് ആവർത്തിക്കുകയും ചെയ്തിരിക്കുന്നു. മുൻപ് അവൻ തന്നെ വിമർശിച്ചവരോട് അവരേക്കാൾ "വളരെ പ്രാവശ്യം തടവിലായിട്ടുണ്ട്" എന്നു പറഞ്ഞു (2 കൊ. 11:23). ഒരു തടവുകാരനായി പൗലൊസിനു ധാരാളം അനുഭവം നേരിട്ടിരിക്കും, അവന്റെ ജീവിതത്തിലെ ആവസാനത്തെ നാല് വർഷ ജീവിതത്തെ പ്രവൃത്തികൾ 23–28 ൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് തടവിലായിരുന്നു ചെലവഴിച്ചത്. ഒരു റോമൻ തടവിലായിരുന്ന പൗലൊസിന് തടവിൽ പൗരനല്ലാത്ത ഒരാൾക്ക് ലഭിച്ചതിനേക്കാൾ നല്ല പെരുമാറ്റമായിരുന്നു ലഭിച്ചത് (പ്രവൃ. 16:35–39; 22:25–29).

റോമൻ ഗവൺമെന്റായിരുന്നു പൗലൊസിനെ തടവിലാക്കിയിരുന്നതെങ്കിലും, പൗലൊസിന്റെ മനസിൽ അവൻ **ക്രിസ്തുയേശുവിന്റെ ബദ്ധനായി**രുന്നു. "ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടവൻ" എന്നാണ് പൗലൊസ് തന്നെ വെളിപ്പെടുത്തിയത് (ഗലാ. 2:20) താനും തിമൊഥെയൊസും "ക്രിസ്തുവിന്റെ ദാസന്മാർ" ആണെന്നാണ് അവൻ വിശ്വസിച്ചത് (ഫിലി. 1:1). അഗബൊസ് എന്ന പ്രവാചകൻ വന്ന് പൗലൊസിനെ ബന്ധിച്ച് ജാതികൾക്ക് ഏൽപിക്കപ്പെടും എന്നു പ്രവചിച്ചപ്പോൾ, തന്നെ പിന്തുണച്ചവരോട് അവൻ പറഞ്ഞു, "നിങ്ങൾ കരഞ്ഞു എന്റെ ഹൃദയം ഇങ്ങനെ തകർക്കുന്നത് എന്ത്? കർത്താവായ യേശുവിന്റെ നാമത്തിന്നു വേണ്ടി ബന്ധിക്കപ്പെടുവാൻ മാത്രമല്ല, യെരുശലേമിൽ മരിപ്പാനും ഞാൻ ഒരുങ്ങിയിരിക്കുന്നു" (പ്രവൃ. 21:13).

തന്റെ കർത്താവിനെ പൗലൊസ് പറയുന്ന രീതിയായിരുന്നു "ക്രിസ്തുയേശു" എന്നത്. "യേശു" എന്നതിനർത്ഥം "കർത്താവ് രക്ഷിക്കുന്നു" (മത്താ. 1:21), ദൈവപുത്രൻ ജനിച്ചപ്പോൾ അവന് നൽകിയ പേരായിരുന്നു അത്. "ക്രിസ്തു" (എബ്രായ ഭാഷയിൽ "മശിഹ") അർത്ഥം "അഭിഷിക്തൻ" എന്നാണ്. ആ പ്രവചനം യേശു നിറവേറ്റി (മത്താ. 16:16). "ക്രിസ്തു" എന്നും "യേശു" എന്നും ഇന്നു മാറി മാറി പറയുന്നു എങ്കിലും, "യേശു" എന്നത് അവന്റെ പേരും "ക്രിസ്തു" എന്നത് അവന്റെ പദവിയുമാണ്. പൗലൊസ് അവനെ, "ക്രിസ്തുയേശു," എന്നും, "യേശു" എന്നും, "യേശുക്രിസ്തു" എന്നും മാറി മാറി പറഞ്ഞിട്ടുണ്ട്.

വന്ദനത്തിൽ കാണുന്ന വാക്കുകളെ പോലെ തന്നെയോ അതിൽ കൂടുതലോ പ്രാധാന്യമുള്ളവയാണ് കാണാത്ത വാക്കുകളും: "അപ്പൊസ്തലൻ" എന്ന വാക്ക്. "അപ്പൊസ്തലനായ പൗലൊസ്"[1] എന്നു പറഞ്ഞുകൊണ്ടാണ് പൗലൊസ് തന്റെ പല ലേഖനങ്ങളും ആരംഭിക്കുന്നത്. ഈ അവസരത്തിൽ അവൻ അങ്ങനെ പറഞ്ഞില്ല. ആദ്യം അത് അസാധാരണമായി തോന്നിയേക്കാമെങ്കിലും, അധികം കഴിയുന്നതിനു മുൻപ് അവൻ "അപ്പൊസ്തലൻ" എന്നു പറയാതെ "ബദ്ധൻ" എന്നു പറഞ്ഞതെന്തുകൊണ്ടാണെന്ന് അറിയുമ്പോൾ അവനെ അനുമോദിക്കും. ഉത്തേജിപ്പിക്കുവാൻ അവന് മൃദുവായ ഒരു കാരണമുണ്ടായിരുന്നു, താൻ പറയുവാൻ പോകുന്നത് ആധികാരികമായോ, കൗശലമായോ, അല്ലെങ്കിൽ നിയന്ത്രിക്കുന്നതായോ എടുക്കരുത് (വാ. 14). അത്തരം ഒരു പ്രവൃത്തി നൽകുമ്പോൾ, "ക്രിസ്തുയേശുവിന്റെ അപ്പൊസ്തലൻ എന്നു പറയുന്നതിനേക്കാൾ, "ക്രിസ്തുയേശുവിന്റെ ബദ്ധൻ" എന്നു പറയുന്നതാണ് ഉചിതം. ഫിലെമോൻ ശരിയായ പ്രവൃത്തി ചെയ്യുമ്പോൾ, "ഫലത്തിൽ", നിർബ്ബന്ധത്താലരുത്, മറിച്ച് [അവന്റെ] സ്വന്ത ഇഷ്ടത്താൽ സ്വയമായി" ചെയ്യണമെന്നാണ് പൗലൊസ് ആഗ്രഹിച്ചത് (വാ. 14).

ലേഖനം കൊടുത്ത് കൂടെ–അയക്കുന്നത് **നമ്മുടെ സഹോദരനായ തിമൊഥെയൊസിനെ** ആണ്. പൗലൊസിന്റെ രണ്ടാമത്തെ മിഷണറി യാത്ര മുതൽ (പ്രവൃ. 16:1), തിമൊഥെയൊസ് അവന്റെ വിശ്വസ്ത സഹകാരിയും പരിശീലകനുമായിരുന്നു. അവനു തിമൊഥെയൊസിലുള്ള വിശ്വാസത്തെ സംബന്ധിച്ച് മറ്റൊരു തടവ് ലേഖനത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

> എന്നാൽ നിങ്ങളുടെ വസ്തുത അറിഞ്ഞിട്ട് എനിക്കും മനം തണുക്കേണ്ടതിന്നു തിമൊഥെയയൊസിനെ വേഗത്തിൽ അങ്ങോട്ട് അയക്കാം എന്നു കർത്താവായ യേശുവിൽ ഞാൻ ആശിക്കുന്നു. നിങ്ങളെ സംബ

> ഡിച്ച് പരമാർത്ഥമായി കരുതുവാൻ തുല്യ ചിത്തനായി എനിക്ക് മറ്റാരുമില്ല. യേശുക്രിസ്തുവിന്റെ കാര്യമല്ല സ്വന്ത കാര്യമത്രെ എല്ലാവരും നോക്കുന്നു. അവനോ മകൻ അപ്പന്നു ചെയ്യുന്നതുപോലെ എന്നോടു കൂടെ സുവിശേഷ ഘോഷണത്തിൽ സേവ ചെയ്തു എന്നുള്ള അവന്റെ സിദ്ധത നിങ്ങൾ അറിയുന്നുവല്ലൊ... (ഫിലി. 2:19–23)

വന്ദനം ചെയ്യുന്നതിൽ തിമൊഥെയൊസിന്റെ പേർ പറഞ്ഞുവെങ്കിലും, പെട്ടെന്നു തന്നെ ലേഖനം എഴുതിയത് തിമൊഥെയൊസ് അല്ല, പൗലൊസ് തന്നെ എന്നു വേഗത്തിൽ വ്യക്തമാക്കുകയാണ്. വാക്യം 4 മുതൽ ഏകവചന ഒന്നാം വ്യക്തിയാണ് പൗലൊസ് ഉപയോഗിക്കുന്നത് ("ഞാൻ" "എനിക്ക്") അല്ലാതെ ഒന്നാം ബഹുവചന വ്യക്തികളല്ല ("ഞങ്ങൾ" "ഞങ്ങൾക്ക്"). "പൗലൊസ് എന്ന വയസനും ഇപ്പോൾ ക്രിസ്തുയേശുവിന്റെ ബദ്ധനുമായ ഞാൻ" (വാ. 9) ആണ് ലേഖന കർത്താവ്.

ലേഖനം ആദ്യം സംബോധന ചെയ്തത് **ഫിലെമോൻ എന്ന പ്രിയ സഹോദരനും കൂട്ടുവേലക്കാരനുമായവന്ന്** ആയിരുന്നു. "നിങ്ങളിൽ ഒരുത്തൻ" എന്നു ലേഖനത്തിൽ പറഞ്ഞ ഒനേസിമോസ് അംഗമായിരുന്ന കൊലൊസ്യ സഭയിലെ അംഗമായിരുന്നേക്കാം അവനും (4:9). ഇതിനപ്പുറമായി, ഫിലെമോനെ കുറിച്ച് പുതിയനിയമം പറയുന്നതെല്ലാം ലേഖനത്തിൽ പറയുന്നതിനോട് യോജിക്കുന്നതാണ്. അവൻ ദാസനുള്ള-യജമാനനും തന്റെ വീട് സഭ കൂടി വരുന്നതിനു ആതിഥേയമരുളിയവനുമായിരുന്നു. ഏതോ ഒരു സമയത്ത് അവൻ പൗലൊസിന്റെ പ്രസംഗത്താൽ സ്വാധീനിക്കപ്പെട്ടു-അത് എഫെസൊസിൽ വെച്ച് നേരിട്ടോ അല്ലെങ്കിൽ എപ്പഫ്രാസ് മുഖാന്തരം പരോക്ഷമായിട്ടോ ആയിരുന്നേക്കാം-ക്രിസ്ത്യാനിയായി തീർന്നു (വാ. 19). പൗലൊസ് അവനെ സൗമ്യതയോടും ("നമ്മുടെ പ്രിയ സഹോദരൻ") ബഹുമാനത്തോടും കൂടെയാണ് ("കൂട്ടുവേലക്കാരൻ") സംബോധന ചെയ്യുന്നത്.

**വാക്യം 2**. രണ്ടാമത് സംബോധന ചെയ്തത് **നമ്മുടെ സഹോദരി അപ്പിയെ**യാണ്. അവൾ കൊലൊസ്യ സഭയിലെ അംഗമായ ഒരു സ്ത്രീ ആയിരുന്നു എന്നതാണ് അവളെ സംബന്ധിച്ച തീർച്ചയായുള്ള വിവരം. അവൾ ഫിലെമോന്റെ ഭാര്യയായിരുന്നോ അതോ സഹോദരിയായിരുന്നോ എന്ന കാര്യം ഉറപ്പില്ല. മോപ്സുവെസ്റ്റിയയുടെ തിയോഡർ (എ. ഡി. 350–428) ഇപ്രകാരം നിരീക്ഷിച്ചു, "പൗലൊസ് ഫിലെമോനും അപ്പിയെക്കും തുല്യ രീതിയിലായിരുന്നു വന്ദനം അറിയിച്ചത്. ആകയാൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തമ്മിൽ വിശ്വാസത്തിൽ വ്യത്യാസമോ, വിശ്വാസ ശക്തിയിൽ വ്യത്യാസമോ ഉള്ളതായി കാണുന്നില്ല."[2]

മൂന്നാമതായും അവസാനമായും പറഞ്ഞത് ന**മ്മുടെ സഹഭടനായ അർക്കിപ്പൊസിനെ** ആണ്, കൊലൊസ്യ സഭയിലെ മറ്റൊരംഗമായിരുന്ന അവൻ ഫിലെമോന്റേയും അപ്പിയെയുടേയും ബന്ധുവായിരുന്നേക്കാം. ക്രിസ്ത്യാനിയുടെ ജീവിതവും ശുശ്രൂഷയും വിവരിക്കുവാൻ പൗലൊസ് സൈനിക വാക്കുകളാണ് ഉപയോഗിച്ചത് (എഫെ. 6:10–17). ആരെങ്കിലും ധൈര്യത്തോടെ, ത്യാഗത്തോടെ, വിശ്വസ്തതയോടെ പ്രവർത്തിക്കുന്നു എന്നു സൂചിപ്പിക്കുന്ന വാക്കാണ് "സഹഭടൻ."

ഏറ്റവും അവസാനം ഒരു സംഘത്തെയാണ് പറയുന്നത്: നിന്റെ വീട്ടിലെ സഭ. പൗലൊസും ഫിലെമോനും ഇടക്കുള്ള ഒരു സ്വകാര്യമായ സംഭവ

ത്തിലേക്ക് അപ്പിയെയും അർക്കിപ്പൊസിനെയും മാത്രമല്ല, "സ്വകാര്യത്തിലേക്ക്" ഇടവക മുഴുവനെയും കൊണ്ടുവരികയാണ്.

**വാക്യം 3.** പൗലൊസ് തന്റെ ലേഖനങ്ങളിൽ പ്രത്യേകമായി പറയുന്ന വന്ദനമാണ്, **നമ്മുടെ പിതാവായ ദൈവത്തിങ്കിൽനിന്നും കർത്താവായ യേശു ക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ** എന്നത്. "കൃപ" രക്ഷ കൊണ്ടുവരുന്ന സൗജന്യ ദാനമാണ് (എഫെ. 2:8), "സമാധാനം" എന്നത് യേശു മുഖാന്തരം ക്രിസ്ത്യാനികൾക്ക് ദൈവത്തിൽനിന്നു ലഭിക്കുന്നതാണ് (റോമർ 5:1).

യേശുവിന് "കർത്താവ്" എന്ന പദവി കൊടുത്തിരിക്കുന്നു എന്ന പ്രത്യേകതയാണ് ഇവിടെ ഉള്ളത്. ഇതുമായി അടുത്ത ബന്ധമുള്ള കൊലൊസ്യ ലേഖനത്തിൽ,[3] പൗലൊസ് ദാസന്മാരും യജമാനന്മാരും തമ്മിലുള്ള ബന്ധത്തെ കുറിച്ച് പറയുന്നു. ആ അവസരത്തിൽ, "കർത്താവിന്" അവൻ ഗ്രീക്ക് നാമം (കു/റിയോസ്, *കുറിയോസ്*) ഉപയോഗിച്ചിരിക്കുന്നതിന്റെ അർത്ഥം, "ഒരു ദാസന്റെ യജമാനനും" "കർത്താവായ ക്രിസ്തുവും" എന്നാണ്:

> ദാസന്മാരേ, *ജഡപ്രകാരമുള്ള യജമാനന്മാരെ* സകലത്തിലും അനുസരിപ്പിൻ; മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെ പോലെ ദൃഷ്ടിസേവകളാലല്ല, *കർത്താവിനെ ഭയപ്പെട്ടുകൊണ്ട്* ഹൃദയത്തിന്റെ ഏകാഗ്രതയോടെയത്രെ അനുസരിക്കേണ്ടത്. നിങ്ങൾ ചെയ്യുന്നതെല്ലാം മനുഷ്യർക്കെന്നല്ല *കർത്താവിന്ന് എന്നപോലെ* മനസോടെ ചെയ്‌വിൻ. അവകാശം എന്ന പ്രതിഫലം *കർത്താവ് തരും* എന്നറിഞ്ഞ് *കർത്താവായ ക്രിസ്തുവിനെ* സേവിപ്പിൻ ...
>
> *യജമാനന്മാരേ*, നിങ്ങൾക്കും സ്വർഗത്തിൽ ഒരു *യജമാനൻ* ഉണ്ടെന്ന് അറിഞ്ഞ് ദാസന്മാരോട് നീതിയും ന്യായവും ആചരിപ്പിൻ (കൊലൊ. 3:22–4:1; എംഫസിസ് ആഡഡ്).

ദാസന്മാരും യജമാനന്മാരും "കർത്താവായ യേശുക്രിസ്തുവിന്റെ" അധികാരത്തിൻ കീഴിലാണെന്നു ഓർപ്പിച്ചുകൊണ്ടാണ് പൗലൊസ് ഒരു ദാസനു വേണ്ടി അവന്റെ യജമാനനോട് ഒരു അപേക്ഷ സമർപ്പിക്കുന്നത്.

## പ്രായോഗികത

### "ആ ആഴ്ച്ചയിൽ രണ്ടു ലേഖനങ്ങൾ വന്നു"

പുതിയ നിയമത്തിലെ പല ലേഖനങ്ങളും സഭ ആരാധിക്കുവാൻ കൂടി വരുമ്പോൾ വായിക്കും (കൊലൊ. 4:16). അത് മനസിൽ വെച്ച് തിഹിക്കൊസും ഒനേസിമൊസും പൗലൊസിൽനിന്നു രണ്ട് ലേഖനങ്ങളുമായി കൊലൊസ്യ സഭയിൽ എത്തുന്നത് ഊഹിച്ചു നോക്കുക. ആദ്യത്തേത് സഭയ്ക്ക് മൊത്തത്തിലുള്ള പൊതുവായ ലേഖനം, രണ്ടാമത്തേത് ഫിലെമോന്നു നേരിട്ട് സംബോധന ചെയ്തിരിക്കുന്നതാണ്, അവന്റെ വീട്ടിൽ സഭ നിരന്തരമായി കൂടി വന്നിരുന്നു.

അന്നു വൈകുന്നേരം സഭായോഗം ആരാധനക്കു കൂടി വന്നപ്പോൾ, ദാസന്മാരും ദാസന്മാരുടെ-ഉടമസ്ഥരും ഉണ്ടായിരുന്നു. ഒനേസിമോസ് തിരിച്ച് വന്നതിൽ അതിശയിച്ചുകാണും, ചെറിയ ഒരു സഭയിൽനിന്ന് ഒരു ദാസൻ ഒളി

ച്ചോടി പോയതിനുശേഷം ഒരു വിവരവുമില്ലാതെ പെട്ടെന്ന് വന്നിരിക്കുകയാണ്. ഇതിനിടയിൽ പല പരദൂഷണവും അവനെ കുറിച്ച് ആളുകൾ പറഞ്ഞു പരത്തി കാണും. ഫിലെമോന്റെ വീട്ടിൽ വന്നിരിക്കുന്നവരെല്ലാം എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന ഉൽക്കണ്ഠയിലായുന്നു. എല്ലാവരും വന്നു ചേർന്നപ്പോൾ, ഫിലെമോൻ കൈ ഉയർത്തി എല്ലാവരോടും ശാന്തരാകുവാൻ പറഞ്ഞു കാണും. റോമിൽനിന്നു അപ്പൊസ്തലനായ പൗലൊസിന്റെ വിവരങ്ങളുമായി നമ്മുടെ സഹോദരൻ തിഹിക്കൊസ് വന്നിട്ടുണ്ട് എന്നു പറഞ്ഞ് ഇടവകയോട് വിവരം അറിയിക്കുവാൻ അവനെ ഫിലെമോൻ ക്ഷണിച്ചിരിക്കും.

പൗലൊസിന്റെ അവസ്ഥ എങ്ങനെയിരിക്കുന്നു എന്ന് തിഹിക്കൊസ് വിവരിച്ചു; അവന്റെ ആരോഗ്യം നന്നായിരിക്കുന്നു, അവന്റെ ആത്മാവ് ശക്തമായിരിക്കുന്നു, അവന്റെ ജീവിതാവസ്ഥയും ക്ഷേമത്തിൽ തന്നെ, അവനു സഹിക്കാവുന്ന അവസ്ഥയാണുള്ളത് എന്നും പറഞ്ഞിരിക്കും. ആ ചെറിയ ആമുഖത്തിനുശേഷം അവൻ ലേഖനങ്ങളിൽ ഒന്ന് പുറത്തെടുത്തു വായിക്കുവാൻ തുടങ്ങി. അപ്പൊസ്തലനായിരുന്ന പൗലൊസിന് അവരോടുള്ള സ്നേഹവായ്പ് നിമിത്തം അവരെല്ലാം ചിരിക്കുവാൻ തുടങ്ങിക്കാണും. പത്തു വർഷങ്ങൾക്ക് മുൻപ് കൊലൊസ്യയിൽ ഒരു ക്രിസ്ത്യാനി പോലും ഉണ്ടായിരുന്നില്ല. എന്നാൽ അത് പൗലൊസ് മൂന്നു വർഷം എഫെസൊസിൽ താമസിക്കുന്നതിനു മുൻപ് ആയിരുന്നു, ലൂക്കസ് വാലിയിൽനിന്നു കുറെ ദിവസം യാത്ര ചെയ്താൽ എത്താവുന്ന സ്ഥലമായിരുന്നു അത്. ആളുകൾ വ്യാപാരത്തിന് എഫെസൊസിലേക്കും തിരിച്ചും യാത്ര ചെയ്തപ്പോൾ സുവിശേഷം വിവിധ സ്ഥലങ്ങളിലേക്ക് വ്യാപിക്കുവാൻ തുടങ്ങി. അടുത്തുള്ള ലവുദിക്യയിലും സഭ ആരംഭിച്ചു. അങ്ങനെ എപ്പഫ്രാസ് എന്നു പേരുള്ള ഒരാൾ ഒരു ദിവസം കൊലൊസ്യയിൽ എത്തി കർത്താവായ യേശുക്രിസ്തുവിനെ കുറിച്ചുള്ള സുവിശേഷം അറിയിക്കുവാൻ തുടങ്ങി. അധികം കഴിയുന്നതിനു മുൻപ് കൊലൊസ്യയിലും നിരവധി പേർ ക്രിസ്ത്യാനികൾ ആയി തീർന്നു, അവരെല്ലാവരും ഫിലെമോന്റെ വീട്ടിൽ കർത്തൃദിവസം കൂടി വരുവാനും തുടങ്ങി. കൊലൊസ്യ സഭയിലെ പല അംഗങ്ങളും എഫെസൊസിലായിരുന്ന പൗലൊസിനെ കണ്ടിരുന്നു. എന്നാൽ പൗലൊസിന് അവരുടെ ടൗണിൽ എത്തുവാൻ കഴിഞ്ഞില്ല. എങ്കിലും, ലേഖനത്തിലെ അവന്റെ വന്ദനം വായിച്ചപ്പോൾ അവർക്ക് അവനെ അറിയാമെന്ന പോലെ ആ ക്രിസ്ത്യാനികൾ ചിരിച്ചുകാണും.

അടുത്ത മുപ്പതു മിനിറ്റോളം, ഇടവക മുഴുവൻ തിഹിക്കൊസിന്റെ ഓരോ വാക്കും ശ്രദ്ധയോടെ കേട്ടിരുന്നു കാണും. ലോകത്തിൽ യാതൊന്നിനോടും താരതമ്യം ചെയ്യുവാൻ കഴിയാത്ത ക്രിസ്തുവിന്റെ മഹിമയെയും അവൻ അവരെ ഓർപ്പിച്ചു കാണും. അവൻ തുടർന്നു വായിച്ചപ്പോൾ, അന്നുവരെയും ഉണ്ടായിരുന്ന എല്ലാ ആത്മിയ തെറ്റിദ്ധാരണകളും പരിഭ്രാന്തിയും മാറി കാണും. യേശുക്രിസ്തുവിന്റെ വീക്ഷണ സന്ദേശത്തിന് അത്ര ഫലം ഉണ്ട്. എങ്ങനെയായാലും, കൂട്ടായ്മയിൽ ക്രിസ്തുവിനേക്കാൾ തന്നെ ഉയർത്തുന്ന രീതിയിൽ “പ്രസംഗം നിർത്തിക്കുന്ന കോലാഹലമുണ്ടായി” എന്നൊന്നും പറഞ്ഞില്ല.

പൗലൊസ് ഭാര്യമാരെയും ഭർത്താക്കന്മാരെയും, അമ്മയപ്പന്മാരെയും മക്കളെയും കുറിച്ച് പറഞ്ഞപ്പോൾ സാഹചര്യം മോശമായി കാണും. എന്നാൽ എങ്ങനെയായാലും, ദാസന്മാരും യജമാനന്മാരും എങ്ങനെയായിരിക്കണം എന്നു പൗലൊസ് പറഞ്ഞപ്പോൾ, അന്തരീക്ഷം പ്രക്ഷുബ്ധമായി കാണും. കൊ

ലൊസ്യ സഭയ്ക്ക് നേരിടേണ്ടി വരാത്ത ഒരു സാമൂഹ്യ പ്രശ്നമായിരുന്നില്ല ഇത്, മറിച്ച് അത് അവരുടെ ജീവിതമായിരുന്നു. യജമാനന്മാരും ദാസന്മാരും ഒരേ മുറിയിലായിരുന്നു ഇരുന്നിരുന്നത്. അവരുടെ വർഗീയതയാലോ, വസ്ത്രത്താലോ, സങ്കീർണ്ണതയാലോ അവരെ തിരിച്ചറിയുവാൻ കഴിഞ്ഞിരുന്നില്ല, പക്ഷെ ആരൊക്കെയാണ് ദാസന്മാരെന്നും ദാസന്മാരുള്ള-യജമാനന്മാർ ആരെല്ലാമാണെന്നും അവർക്കെല്ലാം അറിയാമായിരുന്നു. ഓരോ ഞായറാഴ്ച്ചയും അത് വാസ്തവമായിരുന്നു, പക്ഷെ ഈ ഞായറാഴ്ച്ച അവരുടെ അറിവ് പ്രത്യേകതയുള്ളതായി. ദീർഘ നാളുകളായി ഒളിച്ചോടി പോയ ഒനേസിമോസ് മടങ്ങി വന്നിരിക്കുകയാണ്, ഫിലെമോൻ അവനെ എങ്ങനെ കൈകാര്യം ചെയ്യുമെന്ന് എല്ലാവരും നോക്കിയിരിക്കുകയാണ്.

അടിമത്വത്തെ കുറിച്ചുള്ള പൗലൊസിന്റെ വാക്കുകൾ സാമൂഹ്യസ്ഥാപനം എന്തു ചെയ്യണമെന്നോ അല്ലെങ്കിൽ റോമാ ഗവൺമെന്റ് എന്തു ചെയ്യണമെന്നോ സൂചിപ്പിക്കുന്നതായിരുന്നില്ല. പകരം, ഓരോ ക്രിസ്ത്യാനിയും മറ്റുള്ളവരോട് എങ്ങനെ ബന്ധപ്പെടണം എന്നതിനെ കുറിച്ചായിരുന്നു. അടിമത്വ വിഷയത്തെ കുറിച്ച് പൗലൊസിന്റെ മൃദുസമീപന വാക്കുകൾ കേട്ടുകൊണ്ടിരുന്ന ഇടവകയിലെ എല്ലാ അംഗങ്ങളുടേയും ഹൃദയമിടിപ്പ് കൂടിക്കാണും. കർത്താവിനായുള്ള സേവനം, പ്രതിഫലം, അനന്തരഫലങ്ങൾ, നീതി, ന്യായം എന്നിവയെ കുറിച്ചായിരുന്നു അവൻ സംസാരിച്ചത്. ബുദ്ധിമുട്ടുള്ള ഭാഗം കരുണയോടുകൂടിയാണ് അവസാനിപ്പിച്ചത്. പ്രാർത്ഥനയെ കുറിച്ചും പൗലൊസിന്റെ വ്യക്തിപരമായ വന്ദനത്തെ കുറിച്ചും കേട്ടപ്പോൾ എല്ലാവരും ദീർഘശ്വാസം വിട്ടിരിക്കും.

എങ്കിലും, "ഏറ്റവും മോശമായത്" വരുവാനിരിക്കുന്നതേയുള്ളു എന്നു തോന്നുന്നു. അതിനുശേഷം അവസാനിപ്പിച്ചത് "കൃപ നിങ്ങളോടുകൂടെ ഇരിക്കട്ടെ" എന്നു പറഞ്ഞുകൊണ്ടാണ്. തിഹിക്കൊസ് ഒരുപക്ഷെ അടുത്ത തുകൽ പുറത്തെടുത്ത് വായിക്കുവാൻ തുടങ്ങി കാണും. കൊലൊസ്യ സഭ നേരിടുന്ന പ്രശ്നത്തെ കുറിച്ച് പൗലൊസ് പറഞ്ഞവസാനിപ്പിച്ചില്ല എന്നു കേൾവിക്കാർക്ക് മനസിലായി. തന്റെ വീട്ടിൽ സഭ കൂടിവരുന്ന "ഫിലെമോനെയാണ്," പിന്നെ സംബോധന ചെയ്തത്. പിന്നെ അവൻ ഫിലെമോന്റെ വീട്ടിലുള്ള രണ്ടു അംഗങ്ങളായ, അപ്പിയെയും അർക്കിപ്പൊസിനെയുമാണ് അഭിസംബോധന ചെയ്തത്. മറ്റൊരാളുടെ സ്വകാര്യ ലേഖനം അല്ലെങ്കിൽ സ്വകാര്യ സംഭാഷണം കേൾക്കുകയാണെന്നായിരിക്കും സഭാംഗങ്ങൾക്ക് ആദ്യം തോന്നിയത്.

അവസാനമായി അവൻ സംബോധന ചെയ്തത് ഒരു വ്യക്തിയെ ആയിരുന്നില്ല; പിന്നെയോ "നിന്റെ വീട്ടിലെ സഭക്കും" എന്നായിരുന്നു. എല്ലാവരേയും ഉൾപ്പെടുത്തിയിരിക്കുന്നു: യുവാക്കളും, പ്രായമായവരും, ദാസന്മാരും സ്വതന്ത്രരും, ധനവാന്മാരും ദരിദ്രരും, സ്ത്രീകളും പുരുഷന്മാരും. കാരണം കൂടിവന്ന എല്ലാവരും ഒരേ പ്രശ്നം നേരിട്ടുകൊണ്ടാണിരുന്നത്. മുമ്പത്തേക്കാളും സഭ ഒരു ഭവനം എന്ന നിലയിൽ അവർക്ക് കാണുവാൻ കഴിഞ്ഞിരിക്കും. തിഹിക്കൊസ് രണ്ടാമത്തെ ലേഖനം വായിച്ച് അവസാനിപ്പിച്ചപ്പോഴേക്കും, സഹോദരീസഹോദരന്മാരായി കൂട്ടായ്മ അനുഭവിക്കുന്നത് ഒരു യാഥാർത്ഥ്യമായി തീർന്നു. ഓടിപ്പോയ ദാസനെ-അവന്റെ യജമാനൻ എങ്ങനെ കണക്കാക്കണമെന്നും സഭ ആ കാര്യത്തിൽ എങ്ങനെ സഹായിക്കണം എന്നും പൗലൊസ് അതിൽ വ്യക്തമാക്കിയിരുന്നു. ക്രിസ്തീയ വിശ്വാസം എന്നത്

വ്യക്തിപരമാണെങ്കിലും, അത് സ്വകാര്യമല്ല എന്ന് അന്നു ലേഖനം വായിച്ചു കേട്ട എല്ലാ ക്രിസ്ത്യാനികൾക്കും മനസിലായി. തീർച്ചയായും, സഭ ഒരു കുടുംബമായിരുന്നു-അങ്ങനെ ആകുമ്പോൾ, അവർ നേരിട്ട വിശ്വാസവെല്ലുവിളികളെ കടമ-യായി തന്നെ നേരിടണമായിരുന്നു.

**അത് നിങ്ങളെ മാത്രം ബാധിക്കുന്നതല്ല!**

ഫിലെമോനും ഒനേസിമോസും തമ്മിൽ അനുഭവപ്പെട്ട വ്യക്തിപരമായ സമ്മർദ്ദം ലഘൂകരിക്കുന്നതിന് ഉപകരിക്കുന്ന ഒരു ചിത്രീകരണം സ്റ്റാൻലി ഹാവർവാസും വില്യം എച്ച്. വില്ലിമോനും നൽകുന്നത് ആനുകാലികമായി സഭ നേരിടുന്ന പ്രശ്ന പരിഹാരത്തിനു സഹായകരമാകും. ഹൃദയം നുറുങ്ങിയ ടോം എന്നയാൾ മദ്യത്തിനടിമയായ സൂ എന്ന സ്ത്രീയെ വിവാഹം കഴിച്ചു. ഒരു ദിവസം ടോം തന്റെ ഉപദേഷ്ടാവിനെ വിളിച്ച് തന്റെ ഭാര്യ വീണ്ടും മദ്യപിക്കുവാൻ തുടങ്ങി എന്നു പരാതിപ്പെട്ടു. വർഷങ്ങളായി മദ്യപിച്ചു വരുന്ന ഭാര്യയെ അയാൾ സഹിച്ചു വരികയായിരുന്നു, എന്നാൽ ഇപ്പോൾ അയാളുടെ ക്ഷമയും, ശക്തിയും, പ്രത്യാശയും എല്ലാം നഷ്ടപ്പെട്ടു കഴിഞ്ഞതായി തോന്നി.

ദമ്പതിമാർക്കുള്ള ബൈബിൾ ക്ലാസിൽ പങ്കെടുത്ത ആലിസ് എന്ന അംഗം അടുത്ത ദിവസം സൂവിന്റെ മദ്യപാന വിഷയം ചർച്ച ചെയ്യുന്നതിനു ഉപദേഷ്ടാവിനെ വിളിച്ചു. ടോമിന്റെ നിരാശ ആ ദമ്പതികളുടെ കുടുംബത്തെ തകർക്കുകയാണെന്നു വന്നു. ദീർഘമായ ചർച്ചക്ക് ശേഷം തന്നെ ഇത് അലോസരപ്പെടുത്തുന്നതായി ആലിസ് പറഞ്ഞു. അതെന്താണെന്ന് ചോദിച്ചതിന് ആലിസ് പ്രതികരിച്ചു, "ടോം ഈ പ്രശ്നം സ്വയമായി സഹിച്ച് പരിഹരിക്കുവാൻ ശ്രമിക്കുന്നതാണ് കുഴപ്പം എന്നു തോന്നുന്നു." ബൈബിൾ ക്ലാസ് ആ ദമ്പതികളെ സഹായിക്കുന്നതി നു എന്തെങ്കിലും ചെയ്യണം എന്ന് ആലിസ് നിർദ്ദേശിച്ചു: "ടോമിനെ സഹായിക്കുവാൻ നാം തയ്യാറാണെന്ന കാര്യം അയാളെ അറിയിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. അവർക്ക് ആഹാരം നൽകാം. കുട്ടികളെ നമുക്ക് നോക്കാം. അതിനു പ്രശ്നമൊന്നുമില്ല. കൂടാതെ മദ്യപാനത്തിന് അടിമകളായവരെ ചികിൽസിക്കുന്ന ആസ്പത്രിയിൽ അവരെ ആക്കാം.... അതിന്റെ പകുതി ചെലവ് നമുക്ക് വഹിക്കാം ..."[4] ഹാവെർവാസിന്റേയും വില്ലിമോന്റേയും നിരീക്ഷണം ശരിയായിരുന്നു, "സുവിശേഷം നമ്മിൽനിന്നും മനസലിവും, വാഗ്ദാന-നിറവേറ്റൽ, ഗർഭധാരണം, സൗഖ്യം തുടങ്ങിയവയല്ലേ പ്രതീക്ഷിക്കുന്നത്? നാം ഒരു കുടുംബമാണ്, ടോമിനെ പോലെയുള്ള സാധാരണക്കാർ വിശുദ്ധരായി നിലനിൽക്കുവാൻ ശ്രമിക്കുന്നവരാണ്."[5]

ഇന്ന് സഭ നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ് വ്യക്തിമാഹാത്മ്യവാദം. ആരിലെങ്കിലും പെരുമാറ്റത്തിൽ എന്തെങ്കിലും പോരായ്ക വരുമ്പോൾ "ഇത് നിങ്ങളുടെ കാര്യമല്ല," എന്ന് സഭയിലെ ക്രിസ്ത്യാനികൾ ആരെങ്കിലും എന്തെങ്കിലും പ്രശ്നത്തെ കുറിച്ചു ചോദിക്കുമ്പോൾ മറുപടി പറഞ്ഞു കേൾക്കാറുണ്ട്. "ഞാൻ ആർക്കും ഒരു ദോഷവും ചെയ്യുന്നില്ല" "ഇത് *എന്റെ* ജീവിതമാണ്" എന്നെല്ലാം ഈ പോയിന്റിനെ കുറിച്ച് ആളുകൾ നിരത്താറുള്ള വാദഗതിയാണ്. നമ്മുടെ ആചാരത്തിൽ അവയെല്ലാം സ്വീകരിച്ചിരിക്കകൊണ്ട് ചിലപ്പോൾ അവർ ക്രിസ്തീയ വിശ്വാസത്തിന് എതിരാണ് എന്ന കാര്യം മറന്നുപോകന്നു.

സഭ നിയന്ത്രിക്കുന്ന ഒരു സംസ്ക്കാരമല്ല. മറിച്ച് ഉത്തേജിപ്പിക്കുന്നതും

ചിലപ്പോൾ ഏറ്റുമുട്ടുന്നതും എന്നാൽ എല്ലായ്പോഴും സ്നേഹിക്കുന്നതു മായ ഒന്നാണ്. ഒരു ക്രിസ്ത്യാനി പാപത്തിൽ വീഴുമ്പോൾ, അല്ലെങ്കിൽ നിരാശയിൽ അകപ്പെടുമ്പോൾ, അതിനെ കുറിച്ച് വിചാരമുള്ള ക്രിസ്തുവി ലായ സഹോദരീസഹോദരന്മാർ ആ പ്രശ്നത്തെ അതിജീവിക്കുവാൻ എന്തെ ങ്കിലും സഹായം ചെയ്യണം. ഫിലെമോന്റെ ലേഖനം ഇന്ന് ക്രിസ്ത്യാനികളെ ഓർമ്മിപ്പിക്കുന്നത് ...

നിങ്ങളുടെ വിവാഹജീവിതം നിങ്ങളുടേതു മാത്രമല്ല!
നിങ്ങളുടെ കുഴപ്പം നിങ്ങളുടേതു മാത്രമല്ല!
നിങ്ങളുടെ ദുരുപയോഗം നിങ്ങളുടേതു മാത്രമല്ല!
നിങ്ങളുടെ കടപ്രശ്നം നിങ്ങളുടേതു മാത്രമല്ല!
നിങ്ങളുടെ പരീക്ഷണങ്ങൾ നിങ്ങളുടേതു മാത്രമല്ല!
നിങ്ങളുടെ അത്യാഗ്രഹം നിങ്ങളുടേതു മാത്രമല്ല!
നിങ്ങളുടെ ഗർഭധാരണ പ്രശ്നം നിങ്ങളുടേതു മാത്രമല്ല!
നിങ്ങളുടെ ജോലിയിലെ പെരുമാറ്റം നിങ്ങളുടെ മാത്രം പ്രശ്നമല്ല!
നിങ്ങളുടെ ഭോഷ്ക്ക് നിങ്ങളെ മാത്രമല്ല ബാധിക്കുന്നത്!
നിങ്ങളുടെ മുറിവ് നിങ്ങളെ മാത്രമല്ല ബാധിക്കുന്നത്!
നിങ്ങളുടെ മരണം നിങ്ങളെ മാത്രമല്ല ബാധിക്കുന്നത്!

---

കുറിപ്പുകൾ

[1]നോക്കുക റോമർ. 1:1; 1 കൊ. 1:1; 2 കൊ. 1:1; ഗലാ. 1:1; 1 തിമൊ. 1:1; 2 തിമൊ. 1:1; തിത്തൊ. 1:1. [2]തെയോഡർ ഓഫ് മോസ്പസെയെസ്റ്റ, ക്വോട്ടഡ് ഇൻ പീറ്റർ ഗോർഡേ ആന്റ് തോമസ് സി. ഓഡെൻ, എഡിസ്., കൊലൊഷ്യൻസ്, 1-2 തെസ്സലോണി യൻസ്, 1-2 തിമൊഥി, ടൈറ്റസ്, ഫിലെമോൻ. ഏൻഷ്യന്റ് ക്രിസ്റ്റ്യൻ കമെന്ററി ഓൺ സ്ക്രിപ്ച്ചർ (ഡൗണേഴ്സ് ഗ്രോവ്. Ill.: ഇന്റർ വാഴ്സിറ്റി പ്രസ്, 2000), 311. [3]കൊലൊ ഷ്യൻസും ഫിലെമോനുള്ള ലേഖനവും ഒരേ ഞായറാഴ്ച്ച ഒരേ ഇടവകയിൽ വായിച്ച് കേൾപ്പിച്ചിരിക്കും. [4]എടുത്തിരിക്കുന്നത് സ്റ്റാൻലി ഹാവെർവാസ് ആന്റ് വില്യം എച്ച്. വില്ലിമോൻ, *റെസിഡന്റ് അലൈൻസ്: ലൈഫ് ഇൻ ദ ക്രിസ്റ്റ്യൻ കൊളനി* (നാഷിലേ: അബിങ്ഡൺ പ്രസ്, 1989), 135. [5]ഇബിഡ്., 136.